## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2103 12.02.2013 -ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ കർമ്മ പദ്ധതികളിൽ ആഭ്യന്തര വകുപ്പിൽ നടപ്പിലാക്കപ്പെട്ടവ

ചോദ്യം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു.ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | 2011 നവംബറിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച കർമ്മ പദ്ധതികളിൽ ആഭ്യന്തര വകുപ്പിൽ നടപ്പിലാക്കമെന്ന് പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികളാണ് ഇതിനകം പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ; | എ) | 2011 നവംബറിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച കർമ്മപദ്ധതികളിൽ ആഭ്യന്തര വകുപ്പിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതും ഇതിനകം പൂർത്തീകരിച്ചതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**പോലീസ് വകുപ്പ്**<br>1. ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ പോലീസ് സ്റ്റേഷനുകളിലേക്കുള്ള പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിന് കൗണ്ടർ ആരംഭിക്കുന്ന പദ്ധതി.<br>2. 150 കേന്ദ്രങ്ങളിൽ 2010 11 വർഷത്തിൽ സ്ഥാപിച്ചതുപോലെ വനിതാ ഹെൽപ്പ് ഡെസ്കുകൾ പുതിയ 150 പോലീസ് സ്റ്റേഷനുകളിൽ കൂടി വ്യാപിപ്പിക്കുന്ന പദ്ധതി.<br>3. ശ്രീ. പത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ മെച്ചപ്പെടുത്തുന്ന പദ്ധതി.<br>4. നോക്കുകൂലി, അമിതകൂലി എന്നിവയ്ക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്ന പദ്ധതി. |

| | | | |
|---|---|---|---|
| | | | 5. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു വനിതാ സിവിൽ പോലീസ് ഓഫീസറുടെ സേവനം ഉറപ്പാക്കിക്കൊണ്ടുള്ള ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്ന പദ്ധതി.<br><u>ജയിൽ വകുപ്പ്</u><br>1. സെൻട്രൽ ജയിൽ, വിയ്യൂർ, സെൻട്രൽ ജയിൽ, കണ്ണൂർ, തുറന്ന ജയിൽ, നെട്ടുകാൽത്തേരി, ജില്ലാ ജയിൽ, കൊല്ലം, ജില്ലാ ജയിൽ, തിരുവനന്തപുരം, സ്പെഷ്യൽ സബ് ജയിൽ, വിയ്യൂർ എന്നീ സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ചു കഴിഞ്ഞു. ടി ജയിലുകളിൽ ബയോഗ്യാസ് പ്ലാന്റുകളിൽ നിന്നും ലഭിക്കുന്ന ബയോഗ്യാസ് ഉപയോഗിച്ചു കൊണ്ട് പാചകം ചെയ്യാൻ തുടങ്ങിയിട്ടുണ്ട്.<br>2. സ്പെഷ്യൽ സബ് ജയിൽ, പാലക്കാട്, സബ് ജയിൽ, ഹോസ്ദുർഗ്ഗ്, കൊയിലാണ്ടി, മാനന്തവാടി, ഒറ്റപ്പാലം, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, വടകര, വൈത്തിരി, വിയ്യൂർ, ചാവക്കാട്, തുറന്ന ജയിൽ, ചീമേനി, ജില്ലാ ജയിൽ, എറണാകുളം, സിക്ക, എക്സ്റ്റൻഷൻ സെന്റർ, വിയ്യൂർ, കണ്ണൂർ, തുറന്ന ജയിൽ, നെട്ടുകാൽത്തേരി എന്നീ ജയിലുകളിൽ പാചകവാതക സംവിധാനം വിജയകരമായി സ്ഥാപിച്ചു കഴിഞ്ഞു.<br>3. തുറന്ന ജയിൽ, ചീമേനിയിൽ ഡയറി ഫാം ആരംഭിച്ചു.<br>4. തുറന്ന ജിൽ, നെട്ടുകാൽതേതരിയിൽ പന്നി ഫാം ആരംഭിച്ചു.<br>5. തടവുകാർ യന്ത്ര സഹായത്താൽ ഉണ്ടാക്കുന്ന ചപ്പാത്തി വാണിജ്യ അടിസ്ഥാനത്തിൽ വിജയകരമായ നിലവിൽ വിപണനം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | <u>ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്</u><br>പത്തനംതിട്ട ജില്ലയിലെ സീതത്തോടിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു. എറണാകുളം ജില്ലയിലും ആലപ്പുഴ ജില്ലയിലും അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ചു. മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് രൂപീകരിക്കുകയും ഏഴ് മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുകയും ചെയ്തു. 16 മിനി വാട്ടർ ടെൻഡറുകളും, 12 മിനി വാട്ടർ മിസ്റ്റ് ടെൻഡറുകളും ഫാബ്രിക്കേറ്റ് ചെയ്ത് വാങ്ങിച്ചു. |
| ബി | പൂർത്തീകരിച്ച ഓരോ പദ്ധതിയുടെയും വിശദാംശം വെളിപ്പെടുത്തുമോ ? | ബി | <u>പോലീസ് വകുപ്പ്</u><br>1. ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ പോലീസ് സ്റ്റേഷനുകളിലേക്കുള്ള പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിന് കൗണ്ടർ ആരംഭിക്കുന്ന പദ്ധതി.<br>പ്രസ്തുത പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് പാളയത്തെ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്തു. 01.08.2012 മുതൽ കൊച്ചി സിറ്റിയിലും ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് നിരീക്ഷിച്ച ശേഷം മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.<br>2. 150 കേന്ദ്രങ്ങളിൽ 2010-11 വർഷത്തിൽ സ്ഥാപിച്ചതുപോലെ വനിതാ ഹെൽപ്പ് ഡെസ്കുകൾ പുതിയ 150 പോലീസ് സ്റ്റേഷനുകളിൽ കൂടി വ്യാപിപ്പിക്കുന്ന പദ്ധതി.<br>എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി എനേബിൾഡ് ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനുകളിലേയ്ക്കുമുള്ള പരാതികൾ അയയ്ക്കാവുന്നതാണ്.<br>3. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ മെച്ചപ്പെടുത്തുന്ന പദ്ധതി<br>പത്മനാഭസ്വാമി ക്ഷേത്രത്തിലെ സുരക്ഷാ |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ ജി.ഓ. (ആർ.റ്റി.) നം.3173/12/ആഭ്യന്തരം തീയതി 27.12.12 പ്രകാരം സുരക്ഷാ സൗകര്യങ്ങൾ മൂന്ന് ഘട്ടങ്ങളിലായി മെച്ചപ്പെടുത്തുന്നതിന് അനുമതി നല്കിയിട്ടുണ്ട്.<br>4. നോക്കുകൂലി, അമിതകൂലി എന്നിവയ്ക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്ന പദ്ധതി.<br>നോക്കുകൂലി സംബന്ധിച്ച് ജില്ലാ പോലീസ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>5. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു വനിതാ സിവിൽ പോലീസ് ഓഫീസറുടെ സേവനം ഉറപ്പാക്കിക്കൊണ്ടുള്ള ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്ന പദ്ധതി.<br>സ്ത്രീ സഹായ ഹെൽപ്പ് ഡെസ്കുകൾ 300 സ്റ്റേഷനുകളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ 80 എണ്ണത്തിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്.<br><u>ജയിൽ വകുപ്പ്</u><br>1. സെൻട്രൽ ജയിൽ വിയ്യൂർ, സെൻട്രൽ ജയിൽ, കണ്ണൂർ, തുറന്ന ജയിൽ, നെട്ടുകാൽത്തേരി, ജില്ലാ ജയിൽ കൊല്ലം, തിരുവനന്തപുരം, സ്പെഷ്യൽ സബ് ജയിൽ വിയ്യൂർ, എന്നീ സ്ഥാപനങ്ങളിൽ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് കഴിഞ്ഞു. ടി ജയിലുകളിൽ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണാൻ ഇതുവഴി സാധിച്ചിട്ടുണ്ട്. ഒപ്പം ടി ജയിലുകളിൽ ബയോ ഗ്യാസ് പ്ലാന്റുകളിൽ നിന്നും ലഭിക്കുന്ന ബയോ ഗ്യാസ് ഉപയോഗിച്ച് കൊണ്ട് പാചകം ചെയ്യാൻ തുടങ്ങി യിട്ടുണ്ട്. ഇതുവഴി ടി ജയിലുകളിൽ എൽ.പി.ജി. സിലിണ്ടറുകളുടെ |

| | | | |
|---|---|---|---|
| | | | ഉപയോഗത്തിൽ കാര്യമായ കുറവ് വരുത്താൻ സാധിച്ചിട്ടുണ്ട്.<br>2. സ്പെഷ്യൽ സബ് ജയിൽ, പാലക്കാട്, സബ് ജയിൽ, ഹോസ്ദുർഗ്ഗ്, കൊയിലാണ്ടി, മാനന്തവാടി, ഒറ്റപ്പാലം, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ വടകര, വൈത്തിരി, വിയ്യൂർ, ചാവക്കാട്, തുറന്ന ജയിൽ, ചീമേനി, ജില്ലാ ജയിൽ, എറണാകുളം, സിക്ക, എക്സ്റ്റൻഷൻ സെന്റർ, വിയ്യൂർ, കണ്ണൂർ, തുറന്ന ജയിൽ, നെട്ടുകാൽത്തേരി എന്നീ ജയിലുകളിൽ പാചകവാതക സംവിധാനം വിജയകരമായി സ്ഥാപിച്ചു കഴിഞ്ഞു.<br>3. തുറന്നജയിൽ ചീമേനിയിൽ 28.7.12 ന് ഡയറി ഫാം ഉദ്ഘാടനം നിർവ്വഹിച്ചു. 10 പശുക്കളെയും ഒരു കാളയെയും നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നിന്നും ചീമേനി തുറന്ന ജയിലിലേയ്ക്ക് മാറ്റി കൊണ്ട് ഡയറിഫാം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.<br>4. തുറന്ന ജയിൽ നെട്ടുകാൽത്തേരിയിൽ പന്നി വളർത്തൽ കേന്ദ്രം ഉദ്ഘാടനം ചെയ്തു. പന്നി ഫാമിൽ ഇപ്പോൾ 28 പന്നികൾ ഉണ്ട്.<br>5. ജയിലുകളിൽ വാണിജ്യാടിസ്ഥാനത്തിൽ ചപ്പാത്തി ഉണ്ടാക്കുന്ന പദ്ധതി തിരുവനന്തപുരം, വിയ്യൂർ എന്നീ സെൻട്രൽ ജയിലുകളിലും കോഴിക്കോട് ജില്ലാ ജയിലിലും വിജയകരമായി നടന്നുവരുന്നു. തിരുവനന്തപുരം സെൻട്രൽ ജയിലിൽ 5 ചപ്പാത്തിയും ചിക്കൻ കറിയും 25 രൂപ നിരക്കിലും 5 ചപ്പാത്തിയും വെജിറ്റബിൾ കറിയും 20 രൂപ നിരക്കിലും മൊബൈൽ യൂണിറ്റുകൾ മുഖേന വിറ്റു വരുന്നു. തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ, ആയുർവേദ കോളേജ്, സെക്രട്ടേറിയറ്റ്, |

| | | | |
|---|---|---|---|
| | | | തംപാനൂർ എന്നീ സ്ഥലങ്ങലിൽ ടി യൂണിറ്റ് പരീക്ഷണ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിനു സമീപം രാവിലെ 6.30 മുതൽ 10 മണിവരെയും സെക്രട്ടേറിയറ്റിനു സമീപം ഉച്ചയ്ക്ക് 12 മണി മുതൽ 2.00 വരെയും വൈകുന്നേരം 3.30 മുതൽ 5.30 വരെയും തംപാനൂരിൽ വൈകുന്നേരം 6 മുതൽ രാത്രി 9.30 വരെയും ടി യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം സിവിൽ സപ്ലൈയ്സിന്റെ കൗണ്ടർ വഴിയും ജയിൽ ചപ്പാത്തി വിറ്റു വരുന്നു. പൂജപ്പുര സെൻട്രൽ ജയിലിൽ നിന്നും 30 രൂപയ്ക്ക് ചില്ലി ചിക്കനും വിറ്റു വരുന്നു. കെപ്കോയിൽ നിന്നാണ് ഇതിലേയ്ക്കാവശ്യമായ ചിക്കൻ വാങ്ങിവരുന്നത്. കെപ്കോ, ടാക്സ് ഒഴിവാക്കാത്തതിനാൽ 1.8.12 മുതൽ ചിക്കൻ കറിയ്ക്ക് 5/ വില വർദ്ധിപ്പിക്കാൻ ജയിൽ വകുപ്പ് നിർബന്ധിതമായി.<br>ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്<br>സർക്കാർ ഉത്തരവ് (എം.എസ്.)നം.131 / 2011/ആഭ്യന്തരം തീയതി 20.6.11 പ്രകാരം പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ സീതത്തോട് എന്ന സ്ഥലത്ത് പഞ്ചായത്ത് ഒരുക്കി തന്ന കെട്ടിടത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ തുറന്ന് പ്രവർത്തനം ആരംഭിച്ചു. എറണാകുളം ജില്ലയിലും ആലപ്പുഴ ജില്ലയിലും അസിസ്റ്റന്റ് ഡിവിഷൻ ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (എം.എസ്.)നം.84/ 2012/ആഭ്യന്തരം, തീയതി 22.03..2012 പ്രകാരം ഉത്തരവ് ആയതിന്റെ അടിസ്ഥാനത്തിൽ ഈ ജില്ലകളിൽ അസിസ്റ്റന്റ് ഡിവിഷൻ ഓഫീസർമാരെ |

| | | | |
|---|---|---|---|
| | | | നിയമിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ വകുപ്പിൽ മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് രൂപീകരിക്കുന്നതിനായി മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ ഏഴ് തസ്തിക സൃഷ്ടിച്ചു കൊണ്ട് സർക്കാർ ഉത്തരവ് (എം.എസ്.)നം.10/11/ആഭ്യന്തരം, തീയതി 13.1.11 പ്രകാരം അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അഞ്ച് ഡിവിഷണൽ ഓഫീസുകളിലും, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് അക്കാഡമിയിലും, ആസ്ഥാന ഓഫീസിലും നിയമിച്ച് മോട്ടോർ ട്രാൻസ്പോർട്ട് വിംഗിന്റെ പ്രവർത്തനം ആരംഭിച്ചു. ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് മിനി വാട്ടർ ടെൻഡറുകളും, ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി ലഭിച്ച തുക ഉപയോഗിച്ച് 12 മിനി വാട്ടർ ടെൻഡറുകളും വാങ്ങി സംസ്ഥാനത്തെ വിവിധ അഗ്നിരക്ഷാ നിലയങ്ങളിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ